# ECHO NOVA



**SEVAMANDIR POST BASIC HSS**

RAMANATTUKARA







# Table of Contents

1.ആമുഖം.....................................................................3
2.ആശംസ....................................................................4
3.അപരിചിതർ വീണ്ടും അപരിചിതരാവുമ്പോൾ................5
4.പൂർണ്ണതയുടെ ഭ്രമം...................................................7
5.അമ്മുവിന്റെ സ്വപ്നം...................................................8
6.വേരുകളുടെ ഓർമ്മ......................................................9
7.പൂവിന്റെ കാത്തിരിപ്പ്...................................................10
8.ഭാവിയെ കൈവെള്ളയിൽ നിർമിച്ചവൻ.........................11
9.മഴ ...........................................................................12
10.ശാസ്ത്രലോകത്തേക്കൊരു എത്തിനോട്ടം........................13
11.അകം പുറങ്ങൾ..........................................................14
12.Floating Between the Lines........................................15
13.Global Superstar: The Inspiring Story of Lisa..........16
14.മഞ്ഞ്: നിതാന്തമായ കാത്തിരിപ്പിന്റെ കാവ്യചിത്രം......20
15.Behind the Curtains....................................................21

# ആമുഖം



കോഴിക്കോട് ജില്ലയിലെ ഏറ്റവും മികച്ച വിദ്യാലയങ്ങളിൽ ഒന്നായ സേവാമന്ദിരം പോസ്റ്റ് ബേസിക് ഹയർ സെക്കൻഡറി സ്കൂളിലെ, ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിലെ മിടുക്കരായ വിദ്യാർഥികൾ ഒരുക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു. കുട്ടികളിലെ സാഹിത്യപരമായ അഭിരുചി വളർത്തുന്നതിൽ ഇത്തരത്തിലുള്ള സൃഷ്ടികൾക്ക് ഒരുപാട് പങ്കുണ്ട്. ഇതിനു പുറകിൽ കുട്ടികളുടെ ആത്മാർത്ഥമായ പരിശ്രമം ഉണ്ടെന്നുള്ള കാര്യം ബോധ്യമാണ്. കുട്ടികളുടെ ഇത്തരം പ്രവർത്തനങ്ങൾ വിദ്യാലയത്തിലെ മറ്റുള്ള കൂട്ടുകാർക്കും പ്രചോദനമേകുന്നതാണ്. ഇനിയും ഇതേപോലുള്ള സർഗാത്മക പ്രവർത്തനങ്ങൾ നടത്താൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു. ഇതിനു പുറകിൽ പ്രവർത്തിച്ച എല്ലാവർക്കും പ്രത്യേകിച്ച് എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾക്ക് പ്രത്യേക അഭിനന്ദനങ്ങൾ.

സ്നേഹത്തോടെ..
മുരളീധരൻ. വി ഹെഡ്മാസ്റ്റർ
സേവാമന്ദിരം സ്കൂൾ രാമനാട്ടുകര.

# ആശംസ



പ്രിയപ്പെട്ട ലിറ്റിൽ കൈറ്റ്സ് അംഗങ്ങളേ,

നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ പ്രകാശന വേളയിൽ സന്തോഷത്തോടെ ആശംസകൾ നേരുന്നു.സാങ്കേതികവിദ്യ കുട്ടികളുടെ കൈകളിൽ എത്തുമ്പോൾ അത് സർഗാത്മകതയായി മാറുന്നതിന്റെ ഏറ്റവും മികച്ച ഉദാഹരണമാണ് ഈ മാഗസിൻ. എഴുത്ത്, ചിത്രരചന, ആനിമേഷൻ, വീഡിയോ എഡിറ്റിംഗ് തുടങ്ങിയ മേഖലകളിൽ നിങ്ങൾ നേടിയ വൈദഗ്ധ്യം ഓരോ താളിലും തിളങ്ങിനിൽക്കുന്നു. ഡിജിറ്റൽ യുഗത്തിൽ ചിന്തിക്കാനും സൃഷ്ടിക്കാനും നേതൃത്വം നൽകാനും പ്രാപ്തരായ ഒരു പുതുതലമുറയെ വാർത്തെടുക്കാൻ ലിറ്റിൽ കൈറ്റ്സ് പദ്ധതിക്ക് കഴിയുന്നതിൽ രക്ഷാകർത്താക്കൾ എന്ന നിലയിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. ഈ മാഗസിന് പിന്നിൽ പ്രവർത്തിച്ച മുഴുവൻ കുട്ടികൾക്കും, അവരെ നയിച്ച കൈറ്റ് അധ്യാപകർക്കും സ്കൂൾ അധികൃതർക്കും പി.ടി.എ യുടെ പേരിൽ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

നിങ്ങളുടെ ഭാവനകൾക്ക് അതിരുകൾ ഉണ്ടാകാതിരിക്കട്ടെ. ഇനിയും ഉയരങ്ങളിലേക്ക് പറക്കാൻ നിങ്ങൾക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

സുനിൽ കുമാർ പരിയാപുരത്ത്
(പി.ടി.എ പ്രസിഡന്റ്)







# അപരിചിതർ വീണ്ടും അപരിചിതരാവുമ്പോൾ

ഒരു വലിയ നഗരത്തിന്റെ തിരക്കേറിയ റെയിൽവേ സ്റ്റേഷനിൽ ട്രെയിൻ ഇറങ്ങിയപ്പോൾ അമാന് എന്തെന്നില്ലാത്ത ഒരു ശൂന്യത അനുഭവപ്പെട്ടു. ചുറ്റിലും ആയിരക്കണക്കിന് ആളുകൾ. ആർക്കും ആരെയും നോക്കാൻ സമയമില്ല. എല്ലാവരും തങ്ങളുടെ ലക്ഷ്യസ്ഥാനങ്ങളിലേക്ക് ഓടുകയാണ്. സ്വന്തം നാട്ടിലെ പരിചിതമായ മുഖങ്ങളിൽ നിന്നും സൗഹൃദങ്ങളിൽ നിന്നും അകന്ന്, ഉപജീവനത്തിനായി ഈ കോൺക്രീറ്റ് കാട്ടിലേക്ക് എത്തിയതായിരുന്നു അവൻ. അമാൻ നഗരത്തിലെ ഒരു പഴയ ലോഡ്ജിൽ ചെറിയൊരു മുറിയെടുത്തു. ജനാലയിലൂടെ നോക്കിയപ്പോൾ കണ്ടത് ആകാശം തൊട്ടുനിൽക്കുന്ന കെട്ടിടങ്ങളും അവയ്ക്കിടയിലൂടെ പാഞ്ഞുപോകുന്ന വാഹനങ്ങളുമാണ്. താഴെ തെരുവിൽ മനുഷ്യർ ഉറുമ്പുകളെപ്പോലെ നീങ്ങുന്നു. ആരും തമ്മിൽ സംസാരിക്കുന്നില്ല, പുഞ്ചിരിക്കുന്നില്ല. ഓരോരുത്തരും അവരവരുടെ ഫോണുകളിലേക്കോ അല്ലെങ്കിൽ ശൂന്യതയിലേക്കോ നോക്കി നടക്കുന്നു. ദിവസങ്ങൾ കടന്നുപോയപ്പോൾ, ഈ നഗരത്തിലെ തിരക്കുകൾക്കിടയിൽ താൻ വെറുമൊരു ശൂന്യമായ നിഴലായി മാറിക്കൊണ്ടിരിക്കുകയാണെന്ന് അവന് തോന്നി. ഒരു വൈകുന്നേരം, മുറിയുടെ ജനാലയ്ക്കൽ ഇരുന്ന് ചായ കുടിക്കുമ്പോൾ തൊട്ടടുത്ത മുറിയുടെ ബാൽക്കണിയിൽ ഒരാൾ വന്നിരിക്കുന്നത് അമാൻ കണ്ടു. നഗരത്തിലെ മറ്റ് മനുഷ്യരെപ്പോലെ ഫോണിൽ മുഴുകിയിരിക്കുകയായിരുന്നില്ല അയാൾ. മറിച്ച്, ഇരുണ്ടുതുടങ്ങുന്ന ആകാശത്തേക്ക് നോക്കി എന്തോ ആലോചിക്കുകയായിരുന്നു "നാട്ടിൽ എവിടെയാ?" അമാൻ സാവധാനം ചോദിച്ചു. ആ ചോദ്യം കേട്ട് അയാൾ ഒന്ന് ഞെട്ടി. പിന്നീട് മുഖത്ത് ഒരു നേർത്ത പുഞ്ചിരി വരുത്തി മറുപടി പറഞ്ഞു, "ഞാൻ ജോസഫ്, കോട്ടയത്താണ്. ഇവിടെ വന്നിട്ട് കുറച്ചു നാളായി."അന്ന് രാത്രി ആ ബാൽക്കണിയിലിരുന്ന് അവർ ഒരുപാട് സംസാരിച്ചു. നഗരത്തിൽ തങ്ങൾ അനുഭവിക്കുന്ന ഒറ്റപ്പെടലും, നാട്ടിലെ ഓർമ്മകളും, തങ്ങളുടെ സ്വപ്നങ്ങളുമെല്ലാം അവർ പരസ്പരം പങ്കുവെച്ചു. ആ വലിയ നഗരത്തിൽ തനിക്ക് ഒടുവിൽ ഒരു നല്ല സുഹൃത്തിനെ ലഭിച്ചെന്ന സന്തോഷത്തോടെയാണ് അമാൻ അന്ന് ഉറങ്ങാൻ കിടന്നത്. വർഷങ്ങളായി പരിചയമുള്ള ഒരാളോടെന്നപോലെയാണ് ജോസഫ് തന്നോട് സംസാരിച്ചതെന്ന് അവൻ ഓർത്തു.

പിറ്റേന്ന് രാവിലെ ജോലിക്ക് പോകാനായി അമാൻ മുറിയിൽ നിന്ന് ഇറങ്ങിയപ്പോൾ ഇടനാഴിയിൽ വെച്ച് ജോസഫിനെ കണ്ടു. ധൃതിയിൽ ഓഫീസ് ബാഗും പിടിച്ച് നടന്നുപോകുകയായിരുന്നു അയാൾ.അമാൻ സന്തോഷത്തോടെ അദ്ദേഹത്തിന്റെ അടുത്തേക്ക് ചെന്ന് പുഞ്ചിരിച്ചുകൊണ്ട് ചോദിച്ചു, "ഗുഡ് മോർണിംഗ് ജോസഫ്, ജോലിക്ക് പോവുകയാണോ?"

എന്നാൽ ജോസഫ് പെട്ടെന്ന് നടപ്പ് നിർത്തി അമാനെ നോക്കി. ആ കണ്ണുകളിൽ തലേദിവസം രാത്രി കണ്ട യാതൊരു ആത്മബന്ധവും ഉണ്ടായിരുന്നില്ല. തികച്ചും അപരിചിതനായ ഒരു മനുഷ്യനെ നോക്കുന്നതുപോലെ ശൂന്യമായ ഒരു നോട്ടമായിരുന്നു അത്."ക്ഷമിക്കണം സഹോദരാ, എനിക്ക് മനസ്സിലായില്ല. എനിക്ക് ഓഫീസിൽ പോകാൻ സമയമായി," വളരെ തണുത്ത സ്വരത്തിൽ ഇത്രയും മാത്രം പറഞ്ഞ് ജോസഫ് തിരിഞ്ഞുനോക്കാതെ വേഗത്തിൽ നടന്നു നീങ്ങി.അമാൻ സ്തബ്ധനായി അവിടെത്തന്നെ നിന്നുപോയി. തലേദിവസം രാത്രി തന്റെ ജീവിതത്തിലെ സങ്കടങ്ങളും സ്വപ്നങ്ങളും പങ്കുവെച്ച, തനിക്ക് ആശ്വാസം തന്ന ആ മനുഷ്യന്, നേരം വെളുത്തപ്പോൾ താൻ വെറുമൊരു 'അപരിചിതൻ' മാത്രമാണ്!

അപ്പോഴാണ് അമാൻ ആ നഗരത്തിന്റെ കയ്പേറിയ യഥാർത്ഥ സ്വഭാവം മനസ്സിലാക്കിയത്. രാത്രിയിലെ ഇരുട്ടിലും ഏകാന്തതയിലും മനുഷ്യർ പരസ്പരം തിരയുന്ന ആശ്വാസങ്ങളും സൗഹൃദങ്ങളും, പകൽ വെളിച്ചത്തിലെ യാന്ത്രികമായ തിരക്കുകളിലേക്ക് വരുമ്പോൾ അവർക്ക് വെറുമൊരു ബാധ്യത മാത്രമായി മാറുന്നു. ഇവിടെ ആർക്കും ആരെയും ഓർക്കാൻ സമയമില്ല. ആവശ്യങ്ങൾ കഴിയുമ്പോൾ എല്ലാവരും വീണ്ടും സ്വന്തം ദ്വീപുകളിലേക്ക്







മടങ്ങുന്നു. അമാൻ തന്റെ മുറിയിലേക്ക് തിരികെ നടന്നു. ബാഗ് പാക്ക് ചെയ്യുമ്പോൾ അയാൾ ഭിത്തിയിലെ കണ്ണാടിയിൽ സ്വന്തം മുഖം നോക്കി. മറ്റുള്ളവർക്ക് കൈകൊടുക്കാൻ നീട്ടിയ തന്റെ കൈകൾ പതുക്കെ പോക്കറ്റിലേക്ക് പിൻവലിച്ചുകൊണ്ട്, അവൻ റെയിൽവേ സ്റ്റേഷനിലേക്ക് നടന്നു. പ്ലാറ്റ്ഫോമിൽ ട്രെയിൻ കാത്തുനിൽക്കുമ്പോൾ ചുറ്റുമുള്ള ആയിരക്കണക്കിന് മുഖങ്ങളിലേക്ക് അയാൾ നോക്കി. അവിടെ എല്ലാവരും ഒരിക്കൽ പരിചിതരായവരും, പിന്നീട് നഗരത്തിന്റെ തിരക്കിൽ വീണ്ടും അപരിചിതരായി മാറിയവരുമായിരുന്നു.ട്രെയിൻ വന്നപ്പോൾ അമാൻ അതിലേക്ക് കയറി. ആ നഗരത്തിൽ അവൻ ബാക്കിവെച്ചത് തന്റെ പേരോ വിലാസമോ ആയിരുന്നില്ല, മറിച്ച് ഒരു രാത്രി മാത്രം ആയുസ്സുണ്ടായിരുന്ന, പിന്നീട് അപരിചിതത്വത്തിലേക്ക് മറഞ്ഞുപോയ ഒരു സൗഹൃദത്തിന്റെ നിഴൽ മാത്രമായിരുന്നു.

- Fathima Miska.C
9H







# പൂർണ്ണതയുടെ ഭ്രമം

പ്രശ്നങ്ങളില്ലാത്ത ജീവിതം
ഒരു നിശ്ബദ സമുദ്രം പോലെ
അലകളില്ല , ആഴമില്ല
ആകാശം മാത്രം പ്രതിഫലിക്കും

വൈകല്യങ്ങൾ , വേദനങ്ങൾ
പൊട്ടലുകൾ , പിഴവുകൾ
അവയാണ് ആത്മാവിൻ ശില്പികൾ
കല്ലിനെ പ്രതിമയാക്കുന്ന ചുറ്റികകൾ

കുലുങ്ങാത്ത ഹൃദയങ്ങൾ
സ്പന്ദനത്തിന്റെ ഭാരമറിയില്ല,
കാറ്റിനെ നേരിട്ട മരങ്ങളാണ്
വേരുകളിൽ ശക്തി കണ്ടെത്തിയത്

കളങ്കമില്ലാത്ത ദിനങ്ങൾ തേടിടാതെ
അപൂർണതയുടെ ഇടയിലും
അർത്ഥം പൂക്കുന്ന ജീവിതം തേടുവിൻ

- Alaina
10A







# അമ്മുവിന്റെ സ്വപ്നം

ഒരു മഴക്കാല തിങ്കളാഴ്ച്ച അസ്തമയമാവാറായി തുലാവർഷമാണ്. മാനമിരുണ്ടു തുടങ്ങുന്നു , ശക്തമായ കാറ്റ്. ചെറുതായി ഇടി മുഴങ്ങുന്നുണ്ട് .മഴ പെയ്യാൻ തുടങ്ങി. പയ്യെ , പയ്യെ മഴ ശക്തമായി. അമ്മു തണുത്തു വിറച്ച് വീടിന്റെ ഒരു മൂലയിൽ ചുരുണ്ടു കൂടിയിരുന്നു. പിന്നെ അവൾ സാവധാനം ഉറങ്ങിപ്പോയി.

അന്നു രാത്രി അവിടെ എന്തൊക്കെയോ അത്ഭുതങ്ങൾ നടക്കുന്നതായി അവൾക്കു തോന്നി. പെട്ടെന്ന് എന്തോ കരയുന്ന ശബ്ദം കേട്ട് അവൾ എഴുന്നേറ്റു. ജനാലയിലൂടെ പുറത്തേക്കു നോക്കി അവളുടെ അയൽ വീട്ടിലെ തെങ്ങിൽ ഇരിക്കുന്ന രണ്ടു പരുന്തുകളുടെ ശബ്ദമായിരുന്നു അത്. ഈ പരുന്തുകൾ ഇത്രയും നാൾ ഇവിടെയുണ്ടായിരുന്നില്ലല്ലോ ? അവൾ ഓർത്തു നോക്കി.. കഴിഞ്ഞ രാത്രി അവളുടെ നാട്ടിലേക്ക് വിരുന്നു വന്നവരായിരിക്കുമെന്ന് അവൾ സ്വയം പറഞ്ഞു. നേരം വെളുക്കും വരെ അവൾ ജനാലക്കരികിൽ പരുന്തുകളെയും നോക്കിയിരുന്നു. പിന്നീട് അവളുടെ മനസ്സിൽ ആ പരുന്തുകൾ മാത്രമായിരുന്നു പല്ലുതേക്കുമ്പോഴും , കുളിക്കുമ്പോഴും, ചായ കുടിക്കുമ്പോഴുമെല്ലാം അവൾ അതിനെ കുറിച്ചു മാത്രം ചിന്തിച്ചു. അന്നവൾക്ക് ക്ലാസ്സിൽ ശ്രദ്ധിക്കാൻ കഴിഞ്ഞില്ല ഓരോ പാഠം കഴിയുമ്പോഴും അവളുടെ മനസ്സിൽ പരുന്തുകൾ മാത്രമായിരുന്നു. അമ്മ പരുന്ത് കൂട്ടിൽ തനിച്ചിരുന്നത് അസുഖമായിട്ടല്ലായിരുന്നെന്ന് അന്നേരം അവൾ മനസ്സിലായി മുട്ടയിൽ അടയിരിക്കുകയായിരുന്നു.

അമ്മുവിന് സങ്കടം സഹിക്കാനായില്ല അവൾ വിതുമ്പിക്കരഞ്ഞു. പെട്ടന്നവൾക്ക് അമ്മ വിളിക്കുന്നതു പോലെ തോന്നി കണ്ണു മിഴിച്ചു നോക്കിയപ്പോൾ പ്രഭാതമായിരുന്നു അവൾ ചാടിയെഴുന്നേറ്റ് ജനാലയിലൂടെ നോക്കി. ആ തെങ്ങ് അവിടെത്തന്നെ ഉണ്ടായിരുന്നു. എന്നാൽ അവളുടെ മനസ്സിനെ കവർന്നെടുത്ത പരുന്തുകളും അവയുടെ കൂട്ടും മുട്ടയും ഒന്നും തന്നെ ഉണ്ടായിരുന്നില്ല അതെല്ലാം ഒരു സ്വപ്നമായിരുന്നെന്ന് അവൾ മനസ്സിലാക്കി. ആ ദിവസം അവളാ ലോകത്തായിരുന്നു ഒരിക്കലും മായാത്ത സ്വപ്നത്തിന്റെ ലോകത്ത്...

- Parvathi V
8 L

# വേരുകളുടെ ഓർമ്മ




ഒരു വശത്ത് നിറഞ്ഞ മരം
വീടിന് മുകളിൽ പച്ചക്കുട വിരിക്കുന്നു.
മറുവശത്ത് ഉണങ്ങിയ വേരുകൾ
ആകാശത്തോട് കഥ പറയുന്നു.

ഒരേ മണ്ണ്, രണ്ട് ജീവിതം.
ഒന്ന് തണൽ തരുന്നു, മറ്റൊന്ന്
വീണുപോയിട്ടും നിൽക്കുന്നു.

കാറ്റടിക്കുമ്പോൾ
പച്ചയിലകൾ കയ്യടിക്കുന്നു.
വരണ്ട ചില്ലകൾ മെല്ലെ പാടുന്നു –
"വസന്തം തിരിച്ചുവരും" എന്ന്.

വീടിനു ചുറ്റും വയൽ കിടക്കുന്നു,
സൂര്യൻ നിഴൽ വരച്ചിടുന്നു.
ജീവിതവും അങ്ങനെയല്ലേ...
ചിലപ്പോൾ പൂക്കും, ചിലപ്പോൾ പൊഴിയും.
എന്നിട്ടും വേരുകൾ മണ്ണിൽ തന്നെ.

Reza Zuhara
9 G

# പൂവിന്റെ കാത്തിരിപ്പ്




കൂട്ടിൽ നിന്ന് പുറത്തുവന്ന നിമിഷം
ലോകം മുഴുവൻ പൂക്കളായി തോന്നുന്നു.
ഇലകളുടെ നിഴലിൽ നീ വിശ്രമിക്കുമ്പോൾ
കാറ്റ് പോലും ശ്വാസം പിടിക്കുന്നു.

തേൻ നുണയുന്ന നിന്റെ കൊച്ചു ചുണ്ടുകൾ
പൂവിന്റെ രഹസ്യങ്ങൾ ചോദിച്ചറിയുന്നു.
മഞ്ഞയും ചുവപ്പും കലർന്ന ചിറകുകൾ
സൂര്യനോട് മെല്ലെ സംസാരിക്കുന്നു.

തേൻ കുടിക്കുമ്പോൾ നിന്റെ കണ്ണുകളിൽ
ആയിരം വസന്തങ്ങൾ മിന്നിമായുന്നു.
നീ പറന്നു പോകുമ്പോൾ പിന്നിൽ അവശേഷിക്കുന്നത്
നിറങ്ങളുടെ ഒരു കുറിപ്പ് മാത്രം.

ഒന്നു തിരിഞ്ഞു നോക്കൂ...
ഈ പൂവ് നിന്റെ പേരിൽ കാത്തിരിക്കും.

-------------
Reza Zuhara
9 G







# ഭാവിയെ കൈവെള്ളയിൽ നിർമിച്ചവൻ

മനുഷ്യന്റെ ബുദ്ധിശക്തി ഉപയോഗിച്ച് ചെയ്യുന്ന ജോലികൾ കമ്പ്യൂട്ടർ വഴി ചെയ്യിക്കുന്ന സാങ്കേതിക വിദ്യയാണ് നിർമിത ബുദ്ധി. മനുഷ്യനെപ്പോലെ ചിന്തിക്കാനും,പഠിക്കാനും, പ്രശ്നങ്ങൾ പരിഹരിക്കാനും കഴിയും.

ലോകം മുന്നോട്ട് നയിക്കുന്നത് നിർമിത ബുദ്ധിയിലൂടെയാണ്. ഇന്റർനെറ്റ് ഉപയോഗത്തിന് ഏറെ പ്രാധാന്യമുള്ള കാലമാണിത്. അതിലൂടെ നമ്മുടെ രാജ്യത്തിന് വേണ്ടി ഒരുപാട് ഗുണങ്ങളും ദോഷങ്ങളും ലഭിക്കുന്നുണ്ട്. ഇന്നത്തെ സമുദായം പുതിയ ഉപകരണങ്ങൾ ഗവേഷണം നടത്തുന്നു

- Naja fathima
9H







# മഴ

കാർമേഘക്കണ്ണുകൾ നിറഞ്ഞൊഴുകി, ഭൂമിയെ പുൽകാൻ മഴയെത്തി,
മൺമണം പടരും സന്ധ്യകളിൽ, കുളിരായി വീണ്ടും പെയ്തിറങ്ങി.

ഇലകളിൽ പെയ്യും സംഗീതവുമായ്, പുഴകളെ ചുംബിച്ചൊഴുകുകയായ്,
ജനൽപ്പാളിയിലൂടൊരു ഓർമ്മ തന്നു, ബാല്യത്തിൻ തോണി
തുഴഞ്ഞുപോയ്.

പെയ്ത്തു തോരാത്തൊരു പ്രണയം പോൽ, രാവിലും പെയ്യുന്നു
മർമ്മരമായ്,
ഈ കുളിരും കാറ്റും നിൻ നിനവും,
എന്റെ മനസ്സിൽ നിറയുകയായ്.

------------------

Devatheertha K
9 J







# ശാസ്ത്രലോകത്തേക്കൊരു എത്തിനോട്ടം

ഉണരുന്ന മുത്തുരിലെ മായാവിദ്യകൾ ഉണർവേകുന്ന ശാസ്ത്രലോകം
ഏറ്റുവാങ്ങുന്ന കുഞ്ഞിളം കൈകൾ കൗതുകത്തോടെ
വാനിലുണ്ട് ശാസ്ത്രവിദ്യകൾ മണ്ണിലുണ്ട് ജീവജന്തുശാസ്ത്ര-ങ്ങൾ
കാറ്റിലുണ്ട് ശാസ്ത്ര തലോടൽ

ഏറ്റുവാങ്ങുന്ന പുതുതലമുറ ശാസ്ത്രത്തെ ഏറ്റെടുക്കുന്ന പഴമകൾ
പുതുതലമുറയെ ശാസ്ത്രത്തിലൂടെ

മായാവിദ്യകൾ പകരും അറിവിലൂടെ തിരിച്ചറിയുന്ന ലോകത്തെ ശാസ്ത്ര
ചെപ്പിലൂടെ എത്തിന്നേക്കുന്ന പിഞ്ചുകുഞ്ഞിൻ മനം ശാസ്ത്രത്താൽ
നിബിഢമായി

രാസനാമങ്ങൾ ഏറെയുണ്ട് രാസവസ്തുക്കളേറ യുണ്ട്
എല്ലായിടത്തും പാറിനടക്കുന്ന ശാസ്ത്രനാമം.

ഏറെ വളരാൻ ഏറെ ചിന്തിക്കാൻ
പഠിപ്പിച്ചു എൻ
ശാസ്ത്ര ലോകത്തിലൂടെ

കൊഞ്ചലും, തന്ത്രവും, .
കലർന്നൊരു മായാവിദ്യപോൽ ശാസ്ത്രലോകം.

അറിയുന്നു ലോകം ശാസ്ത്രത്തെ
ഏറെ വളരാൻ ഏറെ കൊതിക്കാൻ പഠിപ്പിച്ചു എന്നെ ശാസ്ത്രലോകം

___________

Navami A
8K







# അകം പുറങ്ങൾ

അവൻ...
ഹൃദയമിടിപ്പോടെ
അകത്തു കയറി.
ആരും കാണാതെ
ഒളിച്ചു വെച്ച ഒരു പെട്ടി.
പെട്ടിയിലെ ഇരുട്ടിൽ തളർന്നുറങ്ങിയ വളകൾക്ക് തന്റെ കൈകളിലവൻ
ജീവൻ നൽകി.

അമ്മയുടെ പട്ടുസാരിയാൽ
ദേഹം പൊതിഞ്ഞെടുത്തു
കണ്ണാടിയിൽ ഒട്ടിച്ചേർന്ന
വട്ടപ്പൊട്ട് നെറ്റിയിൽ ചേർത്തു.
ചുണ്ടിൽ ഇത്തിരി ചുവപ്പ് പടർത്തി,
കണ്ണുകളിൽ കറുപ്പും.
കണ്ണാടിക്കു മുമ്പിൽ സ്വയം പറഞ്ഞു. കൊള്ളാം സുന്ദരി.....
മതിമറന്നങ്ങനെ നിൽക്കുമ്പോൾ
പുറത്തൊരു കാലൊച്ച.

" അവൾ" വീണ്ടും അവനായി.
വളകൾക്ക് വീണ്ടും കാത്തിരിപ്പ്,
അവനും.....
വീണ്ടും
അവളാകാനായി...

——————————
Adwika P Sunil
8I

# Floating Between the Lines





The sky is vast, but my mind is wider.
I sit among clouds, a quiet insider.
The world below is loud and fast,
But here in this book, the moments last

.Each word is a step to a brand new place
,Painting color and dreams across my space
.I am not just reading of distant lands—
I hold the whole universe right in my hands.
-------------

Fathima Miska C
9H

# Global Superstar: The Inspiring Story of Lisa




Lalisa Manobal, known to millions around the world simply as Lisa, is one of the biggest music and fashion icons on the planet today. Before she was performing on global stages and breaking records, she was a young girl growing up in Thailand with a massive dream.


From Thailand to the World

Born on March 27, 1997, in Buriram Province, Thailand, her original name was Pranpriya Manobal. When she was young, a fortune teller suggested she change her name to Lalisa—meaning "the praised one"—for good luck. The name choice proved to be prophetic.Lisa was raised in a loving home by her mother, Chitthip Brüschweiler, and her Swiss stepfather, Marco Brüschweiler, a famous professional chef. Recognizing her incredible rhythm, her parents supported her passion by sending her to dance and vocal lessons from an early age.


- Fathima Miska C
9H



BY KARTIK CHANDRA T
9



BY ANUSHKA RAJESH T
9J



# മഞ്ഞ്: നിതാന്തമായ കാത്തിരിപ്പിന്റെ കാവ്യചിത്രം



DIYA KRISHNA KP
8L

ജ്ഞാനപീഠ പുരസ്കാര ജേതാവായ എം.ടി. വാസുദേവൻ നായരുടെ രചനാശൈലിയിൽ തികച്ചും വ്യത്യസ്തമായ ഒരു പാത വെട്ടിത്തുറന്ന ക്ലാസിക് നോവലാണ് 1964-ൽ പ്രസിദ്ധീകരിക്കപ്പെട്ട 'മഞ്ഞ്''. എം.ടിയുടെ പതിവ് പശ്ചാത്തലമായ വള്ളുവനാട്ടിലെ നായർ തറവാടുകളിൽ നിന്നും മാറി, ഉത്തരാഖണ്ഡിലെ മനോഹരവും തണുത്തുറഞ്ഞതുമായ നൈനിറ്റാൾ എന്ന ഹിൽ സ്റ്റേഷനിലാണ് ഈ കഥ നടക്കുന്നത്. മലയാള സാഹിത്യത്തിൽ സ്ത്രീ കേന്ദ്രീകൃതമായ ആഖ്യാനശൈലിക്ക് പുതിയൊരു ഭാവുകത്വം നൽകിയ ഈ ലഘുനോവൽ, കേവലം പേജുകളുടെ എണ്ണത്തിലല്ല, മറിച്ച് അത് വായനക്കാരനിൽ ഉണർത്തുന്ന വൈകാരികമായ ആഴം കൊണ്ടാണ് ഒരു മാസ്റ്റർപീസായി മാറിയത്.

കഥയിലെ കേന്ദ്രകഥാപാത്രമായ വിമല ദേവി എന്ന സ്കൂൾ അധ്യാപികയുടെ ജീവിതത്തിലൂടെയാണ് നോവൽ വികസിക്കുന്നത്. ഉത്തരേന്ത്യയിലെ ഒരു ബോർഡിംഗ് സ്കൂളിൽ ജോലി ചെയ്യുന്ന വിമല, അവധിക്കാലത്ത് മറ്റെല്ലാവരും സ്വന്തം നാട്ടിലേക്ക് മടങ്ങുമ്പോഴും തനിച്ചായിപ്പോയ സ്കൂൾ ക്വാർട്ടേഴ്സിൽ തന്നെ തുടരാൻ തീരുമാനിക്കുന്നു. കേരളത്തിലെ സ്വന്തം കുടുംബത്തിൽ നിന്നും അന്യവൽക്കരിക്കപ്പെട്ട അവൾ, ഏകാന്തതയുടെ തടവറയിലാണ്. വർഷങ്ങൾക്ക് മുൻപ് തന്നെ സ്നേഹിക്കുകയും പിന്നീട് അപ്രത്യക്ഷനാവുകയും ചെയ്ത സുധീർ കുമാർ മിശ്ര എന്ന കാമുകൻ എന്നെങ്കിലും തന്നെ തേടി തിരിച്ചുവരുമെന്ന തീവ്രമായ പ്രതീക്ഷയിലാണ് വിമല തന്റെ യൗവനവും ജീവിതവും ഹോമിക്കുന്നത്.

'കാത്തിരിപ്പ്'' എന്ന സാർവലൗകികമായ വികാരമാണ് നോവലിന്റെ പ്രധാന പ്രമേയം. വിമല മാത്രമല്ല, നോവലിലെ മറ്റ് കഥാപാത്രങ്ങളും ഇതേ നിതാന്തമായ കാത്തിരിപ്പിന്റെ കണ്ണികളാണ്. തനിക്ക് ജന്മം നൽകിയ ശേഷം കടന്നുപോയ വെള്ളക്കാരനായ അച്ഛൻ എന്നെങ്കിലും മടങ്ങിവരുമെന്ന് വിശ്വസിക്കുന്ന ബുദ്ധു എന്ന തോണിക്കാരൻ പയ്യനും, മരണത്തിന്റെ വരവും കാത്ത് തടാകക്കരയിൽ കഴിയുന്ന രോഗിയായ പഞ്ചാബി സർദാർജിയും ഒരേ ഏകാന്തതയുടെ പങ്കുകാരാണ്. "വരും,വരാതിരിക്കില്ല"എന്ന വിമലയുടെ ആത്മഗതം വായനക്കാരുടെ ഉള്ളിൽ ഒരു വലിയ വിങ്ങലായി അവശേഷിക്കുന്നു.

ഈ നോവലിൽ നൈനിറ്റാളിലെ മൂടൽമഞ്ഞ് കേവലമൊരു പ്രകൃതിഭംഗിയല്ല, മറിച്ച് വിമലയുടെ ആന്തരിക ലോകത്തിന്റെ പ്രതീകമാണ്. വിമലയുടെ ഓർമ്മകളെയും പ്രതീക്ഷകളെയും അനിശ്ചിതാവസ്ഥയെയും പോലെ തന്നെയാണ് നഗരത്തെ മൂടുന്ന ഈ മഞ്ഞും. ചുരുങ്ങിയ വരികളിൽ വലിയ വികാരങ്ങൾ പ്രകടിപ്പിക്കുന്ന എം.ടിയുടെ കാവ്യാത്മകമായ ഭാഷാശൈലിയും, കഥാപാത്രങ്ങളുടെ മനസ്സിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്ന സ്ട്രീം ഓഫ് കോൺഷ്യസ്നസ്സ് (Stream of consciousness) രീതിയും 'മഞ്ഞിനെ' മലയാളത്തിലെ ഏറ്റവും മികച്ച മനശാസ്ത്ര നോവലുകളിൽ ഒന്നാക്കി മാറ്റുന്നു.

- FATHIMA MISKA C
9H




# BEHIND THE CURTAINS




## EDITORIAL TEAM

• Liyana
•Thritheeya P
•Reza Zuhara KV
• Devatheertha K
•Anushka Rajesh T
•Fathima Miska C
•Fathima Siya TP
•Rithika
•Adwika P Sunil
•Vinay P
•Aneha N
•Alok K

## DESIGNING

Jinan DR

**LITTLE KITES MASTER: MIDHUNLAL PM**

**LITTLE KITES MISTRESS: BINDU M**

# THANK YOU